**ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളം**

**179 (6884)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ശമ്പളവും തസ്തികയുടെ പേരുകളും പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഐ. ടി. ഐ. ഇൻസ്ട്രക്ടർമാർക്ക് കേന്ദ്ര സ്കെയിൽ നൽകണമെന്ന ബഹു. ഹൈക്കോടതി വിധിയുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ :

(സി) സമാനമായ മറ്റു മേഖലകളെ അപേക്ഷിച്ച് ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ ജോലിഭാരം കൂടുതലും ശമ്പള സ്കെയിലിലെ കുറവും കാരണം ഇൻസ്ട്രക്ടർമാർ ജോലി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഡി) ഐ.ടി.ഐ.കളിലെ ജോലിഭാരം പരിഗണിച്ച് ജീവനക്കാരുടെ ശമ്പള സ്കെയിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശമ്പളം പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.**

**180 (6885)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിൽ ഏതെല്ലാം കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) പുതിയ കോഴ്സുകൾ അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(സി) പുതിയ കെട്ടിടത്തിന് വേണ്ടിയുള്ള പ്രൊപ്പോസലിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ.യിൽ എൻ.സി.വി.റ്റി., എസ്.സി.വി.റ്റി., സി.ഒ.ഇ വിഭാഗങ്ങളിലായി നിലവിലുള്ള ട്രേഡുകൾ കാർപെന്റർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ), ഇലക്ട്രോണിക്സ് മെക്കാനിക്, ഇലക്ട്രീഷ്യൻ, ഇലക്ട്രോപ്ലേറ്റർ, ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ്, മെക്കാനിക് റഫ്രിജറേഷൻ & എയർ

LIBRARY ARCHIVES Kerala Legislative Assembly